പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.303 — 27.09.2016 – ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. ടി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

കടാശ്വാസ പദ്ധതി

| | | |
|---|---|---|
| എ | ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി, ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്ക് കടാശ്വാസ പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | 20.08.2016ലെ സ.ഉ.(പി)നം,118/2016/ധന പ്രകാരം ധനകാര്യ വകുപ്പ് നോഡൽ ഏജൻസിയായി, ജപ്തി നേരിടുന്ന താഴ്ന്ന വരുമാനക്കാർക്കായി കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| ബി | പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ് വിശദമാക്കുമോ; | സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിനായി സർക്കാർ ഒറ്റത്തവണയായി നടപ്പാക്കുന്ന കടാശ്വാസ പദ്ധതിയാണിത്. മുതലിന്റെ ഇരട്ടിയിലധികം തിരിച്ചടച്ചശേഷവും വായ്പാകുടിശ്ശികമാത്രം കൈമുതലായുള്ള സാധാരണക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും ആശ്വാസമാകുന്നതാണ് ഈ കടാശ്വാസ പദ്ധതി.<br><br>അഞ്ചുലക്ഷം വരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ചവരുടെ വായ്പകളാണ് എഴുതിത്തള്ളുന്നത്. ഇതിന്പുറമെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടച്ചുകഴിഞ്ഞിട്ടും ജപ്തിഭീഷണി നേരിടുന്ന സാധാരണക്കാർക്ക് പലിശയിളവും പിഴപ്പലിശയിളവും അനുവദിച്ചുകൊണ്ട് ബാക്കി വായ്പാതുക രണ്ട് വർഷം കൊണ്ട് തിരിച്ചടയ്ക്കാവുന്ന വിധം പുന:ക്രമീകരിച്ചും നൽകുന്നതാണ്.<br><br>കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പട്ടിക-ജാതി, പട്ടിക-വർഗ്ഗ, പിന്നാക്കക്ഷേമ കോർപ്പറേഷനുകൾ, |

| | | |
|---|---|---|
| | | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും റവന്യൂ വകുപ്പിൽ നിന്നും വായ്പ ലഭ്യമാക്കിയവർക്കാണ് കടാശ്വാസവും പലിശയിളവും ലഭിക്കുന്നത്.<br>വായ്പാസ്ഥാപനങ്ങളിൽ സ്വീകരിക്കുന്ന കടാശ്വാസ അപേക്ഷയിന്മേൽ തീർപ്പുണ്ടാക്കി രണ്ട് മാസത്തിനുള്ളിലെ നിശ്ചിത തീയതിയിൽ മുൻകൂട്ടി അറിയിച്ച് ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് ഉൾപ്പെടെ എല്ലാ ഈടുകളും തിരികെ നൽകുന്നതാണ്. പദ്ധതി നടത്തിപ്പിനായി ഗുണഭോക്താവിൽ നിന്ന് അപേക്ഷയൊഴികെ യാതൊരു സർട്ടിഫിക്കറ്റുകളും ആവശ്യപ്പെടുന്നതല്ല.<br>പദ്ധതിയുടെ വിശദാംശങ്ങൾ അടങ്ങിയ മാർഗ്ഗരേഖ അനുബന്ധമായി ചേർക്കുന്നു. |
| സി | എത്ര കുടുംബങ്ങൾക്കാണ് ഇതിന്റെ ആനുകൂല്യം കിട്ടുന്നത്; വ്യക്തമാക്കുമോ; | പതിനായിരത്തോളം കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ഡി | ഏതൊക്കെ വായ്പകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാത്തതായിട്ടുള്ളത്; വിശദമാക്കുമോ? | പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 3.4 പ്രകാരം ചുവടെ ചേർത്തിരിക്കുന്ന വായ്പകളാണ് കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടാത്തത്.<br>• സ്വർണ ഈടിന്മേലുള്ള വായ്പകൾ<br>• സർക്കാർ ജീവനക്കാർ എടുത്തിട്ടുള്ള വായ്പകൾ<br>• വ്യക്തികൾക്കല്ലാതെ നൽകിയിട്ടുള്ള വായ്പകൾ<br>• അഞ്ച് ലക്ഷം രൂപയിൽ കൂടുതലായെടുത്ത വായ്പകൾ<br>• ഉത്തരവ് തീയതിയിൽ കട ബാധ്യത നിലവിലില്ലാത്ത വായ്പകൾ |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്